പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 156

# 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2008

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 156

# 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

120/2008.

# 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1994-ലെ 16) ഇതിനുശേഷം താഴെ കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നതു യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ളിക്കിന്റെ അൻപത്തൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ജനുവരി 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനു പകരം, താഴെ പറയുന്ന ഉപവകുപ്പും ക്ലിപ്ത നിബന്ധനയും ചേർക്കേണ്ടതാണ്, അതായത് :—

"(1) ഓരോ തയ്യൽ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം ഇരുപത് രൂപ വീതവും, ഓരോ തൊഴിലുടമയും അയാൾ നിയോഗിച്ചിട്ടുള്ള തയ്യൽ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി ഒന്നിന് പ്രതിമാസം അഞ്ചു രൂപ ക്രമത്തിലും അംശദായം നൽകേണ്ടതാണ് :

എന്നാൽ, നൂറിനു മുകളിൽ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ, നൂറിനുമേൽ വരുന്ന തൊഴിലാളി ഒന്നിന്, തൊഴിലുടമ പ്രതിമാസം മൂന്നു രൂപ വീതം നിധിയിലേക്ക് അടച്ചാൽ മതിയാകുന്നതാണ്.";

(ബി) (2)-ാം ഉപവകുപ്പിൽ "പതിനഞ്ചു രൂപയായി" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(സി) (4)-ാം ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ പ്രതിമാസ അംശദായ തുക പത്തുരൂപയിൽ അധികമായി വർദ്ധിക്കുമ്പോൾ, അപ്രകാരമുള്ള വർദ്ധനവിന് ആനുപാതികമായി നിധിയിലേക്ക് ഗ്രാന്റ് നൽകുന്നതിനു സർക്കാരിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമ നിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

തൊഴിലുടമകളുടെ രജിസ്ട്രേഷൻ വളരെ കുറഞ്ഞിരിക്കുകയും, തൊഴിലുടമകളിൽ നിന്നുള്ള അംശദായം നിധിയിലേക്ക് വളരെ കുറച്ചുമാത്രം ലഭിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തൊഴിലുടമകളുടെ രജിസ്ട്രേഷൻ ത്വരിതപ്പെടുത്തി അംശദായം കൂടുതൽ സമാഹരിക്കുക, അംഗങ്ങളുടെ ആനുകൂല്യങ്ങളിൽ സാരമായ വർദ്ധനവ് വരുത്തുന്നതിനനുസരിച്ച് അവരുടെ അംശദായം വർദ്ധിപ്പിക്കുക, ബോർഡിന്റെ സ്വാശ്രയ നിലനിൽപ്പു കൈവരിയ്ക്കുക എന്നീ ലക്ഷ്യങ്ങൾക്കായി ആവശ്യമായ ഭേദഗതികൾ 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ വരുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 2007-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 93-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തുകയുണ്ടായെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. എന്നാൽ

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് സത്വര നിയമനിർമ്മാണം നടത്തേണ്ടതുണ്ടെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും കേരള ഗവർണ്ണർ 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 1) വിളംബരപ്പെടുത്തുകയും ആയത് 2008 ജനുവരി 3-ാം തീയതിയിലെ 33-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2008-ലെ 1-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ

## 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1994-ലെ 16) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **
** ** ** **

7. നിധിയിലേക്കുള്ള അംശദായം.—(1) ഓരോ തയ്യൽത്തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം പത്തുരൂപ വീതവും ഓരോ തൊഴിലുടമയും അയാൾ നിയോഗിച്ചിട്ടുള്ള ഓരോ തയ്യൽത്തൊഴിലാളിയെ സംബന്ധിച്ചും പ്രതിമാസം അഞ്ചുരൂപ വീതവും നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(2) ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള ഓരോ തൊഴിലാളിയേയും സംബന്ധിച്ച് പ്രതിമാസം അംശദായമായി നൽകേണ്ട തുകയോടൊപ്പം തൊഴിലാളിയുടെ അംശദായ തുകയും ചേർത്ത് പതിനഞ്ച് രൂപയായി നിധിയിലേക്ക് അടയ്ക്കേണ്ടതാണ്.

(3) ഒരു തയ്യൽത്തൊഴിലാളിയുടെ അംശദായമായി തൊഴിലുടമ അടയ്ക്കുന്ന തുക, വിപരീതമായി എന്തെങ്കിലും കരാറുണ്ടായിരുന്നാൽത്തന്നെയും, തയ്യൽത്തൊഴിലാളിയുടെ വേതനത്തിൽ നിന്നും കിഴിവ് ചെയ്തുകൊണ്ട് അയാൾക്ക് ഈടാക്കാവുന്നതും മറ്റു വിധത്തിൽ അങ്ങനെ ചെയ്തുകൂടാത്തതുമാണ്.

(4) തയ്യൽത്തൊഴിലാളികളും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളും ഒരു വർഷം നൽകിയ അംശദായത്തിന്റെ പത്തുശതമാനത്തിന് തുല്യമായ ഒരു തുക നിധിയിലേയ്ക്ക് ഗ്രാന്റായി ഗവൺമെന്റ് നൽകേണ്ടതാണ്.

(5) അംശദായം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ ബോർഡ് അധികാരപ്പെടുത്തിയ ബോർഡിലെ ഏതെങ്കിലും ഓഫീസർക്കോ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി ബോർഡ് തീരുമാനിച്ചേക്കാവുന്ന മറ്റേതെങ്കിലും രീതിയിലോ നൽകേണ്ടതാണ്.

(6) ശേഖരിച്ച അംശദായത്തുക, സംസ്ഥാനത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലോ നാഷണലൈസ്ഡ് ബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കിലോ സഹകരണ ബാങ്കിലോ നിക്ഷേപിക്കേണ്ടതാണ്.

** ** ** **
** ** ** **